ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 12.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത ഭാരതമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കൂട്ടായ പരിശ്രമം വേണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Collective efforts are needed to realise the dream of a developed India, Prime Minister Narendra Modi says.**

2. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ പ്രവേശിക്കുന്നതിന് പുതിയ സംവിധാനം നിലവിൽ വന്നു.

**A new system has been introduced for travelers from countries including India to enter the European Union.**

3. സംസ്ഥാനത്തെ ശിശുമരണനിരക്ക് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ നിലയിലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

**The state's infant mortality rate is at its lowest in history, says Health Minister Veena George.**

4. പശ്ചിമ ബംഗാളിൽ എംബിബിഎസ് വിദ്യാർത്ഥിനിയെ കൂട്ടബലാത്സംഗം ചെയ്ത കേസിൽ മൂന്ന് പ്രതികൾ അറസ്റ്റിൽ.

**Three accused arrested in the gang-rape of an MBBS student in West Bengal.**

5. കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-ലക്ഷദ്വീപ് തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

**Possibility of heavy rain in isolated places in Kerala in the coming days IMD warns. Fishing is banned off the Kerala-Lakshadweep coast.**

6. സുൽത്താൻ ജോഹർ കപ്പ് ജൂനിയർ പുരുഷ ഹോക്കിയിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യയ്ക്ക് ജയം. വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്കെതിരെ ഓസ്ട്രേലിയക്ക് 331 റൺസ് വിജയലക്ഷ്യം.

**India wins against New Zealand in the Sultan of Johor Cup junior men's hockey. Australia sets a target of 331 runs against India in the Women's One-Day Cricket World Cup.**

&&&&&&&&&&&&&&

## PM- KISSAN INTRO

സ്വാതന്ത്ര്യാനന്തരം ധാന്യോൽപാദനത്തിൽ ഇന്ത്യ മുൻപന്തിയിലെത്തിയെങ്കിലും വികസിത ഭാരതമെന്ന സ്വപ്നം കൂടി സാക്ഷാത്കരിക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സ്വാശ്രയത്വം കൈവരിക്കുന്നതിനും കർഷകർ ഉൾപ്പെടെ എല്ലാവരുടെയും കൂട്ടായ പരിശ്രമം വേണം. ലോകത്തിന്റെ വാതിലുകൾ ഇന്ത്യക്കായി തുറന്നിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്- പ്രധാനമന്ത്രി)

&&&&&&&&&&&&&&

## VIKASIT BHARAT BUILDATHON

ഇന്ത്യയുടെ വികസന യാത്രയിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കാൻ ലക്ഷ്യമിട്ടുള്ള വികസിത് ഭാരത് ബിൽഡത്തോൺ 2025-ന് നാളെ തുടക്കമാകും. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നാളെ രാജ്യവ്യാപകമായി എല്ലാ സ്കൂളുകളിലും തത്സമയ ബിൽഡത്തോൺ നടക്കും. സ്കൂളുകൾക്ക് ഈ മാസം 14 മുതൽ 31 വരെ എൻട്രികൾ സമർപ്പിക്കാം.

&&&&&&&&&&&&&&

## MAMATA BANERJEE ON GANG RAPE

സ്ത്രീകൾ രാത്രിയിൽ പുറത്തിറങ്ങരുതെന്ന തരത്തിൽ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി നടത്തിയ പ്രസ്താവന സംസ്ഥാനത്തെ രാഷ്ട്രീയ രംഗം പ്രക്ഷുബ്ധമാക്കുന്നു. ദുർഗാപൂരിലെ സ്വകാര്യ മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എംബിബിഎസ് വിദ്യാർത്ഥിനിയെ കൊൽക്കത്ത എയർപോർട്ട് പരിസരത്ത് വെച്ച് കൂട്ടബലാത്സംഗം ചെയ്തതായി ആരോപിക്കപ്പെടുന്ന സംഭവത്തെക്കുറിച്ച് മാധ്യമപ്രവർത്തകരുമായി സംവദിക്കുകയായിരുന്നു മുഖ്യമന്ത്രി. കേസിൽ അന്വേഷണം പുരോഗമിക്കുകയാണെന്നും എല്ലാ പ്രതികൾക്കും ശിക്ഷ ലഭിക്കുമെന്നും അവർ പറഞ്ഞു.

&&&&&&&&&&&&&&

## WB-ARREST

അതേസമയം, കേസിൽ അറസ്റ്റിലായ മൂന്ന് പ്രതികളെ ദുർഗാപൂർ കോടതി പത്ത് ദിവസത്തേക്ക് പോലീസ് കസ്റ്റഡിയിൽ വിട്ടു. ബിജ്ര ഗ്രാമത്തിൽ നിന്നുള്ളവരാണ് പ്രതികൾ. പ്രതികളെ അറസ്റ്റ് ചെയ്യാൻ ബിജ്ര ഗ്രാമത്തിലും സമീപ പ്രദേശങ്ങളിലും പൊലീസ് ഡ്രോണുകൾ ഉപയോഗിച്ചുള്ള വിപുലമായ തിരച്ചിലാണ് നടത്തിയത്. പീഢനത്തിന് ഇരയായ വിദ്യാർത്ഥിനിയുടെ സുഹൃത്തിനെയും പോലീസ് ചോദ്യം ചെയ്യുന്നുണ്ട്.

&&&&&&&&&&&&&&

## REV PAK- AFGHAN BORDER CLASHES

പാകിസ്ഥാൻ അതിർത്തിയിൽ അഫ്ഗാനിസ്ഥാൻ നടത്തിയ പ്രത്യാക്രമണത്തിൽ 58 പാകിസ്ഥാൻ സൈനികർ കൊല്ലപ്പെട്ടതായും 30 ലധികം പേർക്ക് പരിക്കേറ്റതായും താലിബാൻ വക്താവ് സബീഹുള്ള മുജാഹിദ് പറഞ്ഞു. പാക്കിസ്ഥാന്റെ ഏത് ആക്രമണത്തിനും മറുപടി നൽകുമെന്നും പാകിസ്ഥാനിലുള്ള ഐ.എസ് അംഗങ്ങളെ പുറത്താക്കണമെന്നും സബീഹുള്ള ചൂണ്ടിക്കാട്ടി. വ്യോമ, കര അതിർത്തികൾ സംരക്ഷിക്കാൻ അഫ്ഗാനിസ്ഥാന് അവകാശമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## ISRAEL - HAMAS PEACE SUMMIT

ഗാസയിലെ യുദ്ധം അവസാനിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള കരാറിന് അന്തിമരൂപം നൽകുന്നതിനായി നാളെ ഈജിപ്തിലെ ഷാം എൽ-ഷെയ്ക്കിൽ ഉന്നതതല ഉച്ചകോടി നടത്തുമെന്ന് ഈജിപ്ഷ്യൻ പ്രസിഡന്റ് അറിയിച്ചു. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപും ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് എൽ-സിസിയും യോഗത്തിൽ സംയുക്തമായി അധ്യക്ഷത വഹിക്കും. യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ് ഉൾപ്പെടെ 20-ലധികം രാജ്യങ്ങളിൽ നിന്നുള്ള നേതാക്കൾ പങ്കെടുക്കും. കഴിഞ്ഞ വെള്ളിയാഴ്ചയാണ് ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ കരാർ പ്രാബല്യത്തിൽ വന്നത്.

&&&&&&&&&&&&&&

## MONGOLIA PREZ-INDIA VISIT

മംഗോളിയൻ പ്രസിഡന്റ് ഖുറേൽസുഖ് ഉഖ്ന നാല് ദിവസത്തെ സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി മംഗോളിയൻ പ്രസിഡന്റ് ഉഭയകക്ഷി ചർച്ച നടത്തും.

&&&&&&&&&&&&&&

## PM - BIHAR

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഈ മാസം 15 ന് ബീഹാറിലെ ബി.ജെ.പിയുടെ ബൂത്ത് ലെവൽ പാർട്ടി പ്രവർത്തകരുമായി സംവദിക്കും. മേരാ ബൂത്ത് സബ്സെ മജ്ബൂത്ത് എന്ന പേരിൽ നടത്തുന്ന കാമ്പെയ്നിൽ ചേരാനും നിർദ്ദേശങ്ങൾ പങ്കിടാനും ശ്രീ മോദി പാർട്ടി പ്രവർത്തകരോട് അഭ്യർത്ഥിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന പ്രവർത്തകരുമായി നേരിട്ട് സംവദിക്കുമെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ അറിയിച്ചു.

&&&&&&&&&&&&&&

## INDIA-AUSTRALIA EXERCISE

ഇന്ത്യ-ഓസ്ട്രേലിയ സംയുക്ത സൈനികാഭ്യാസം ഓസ്ട്രഹിന്ദ് 2025 ന്റെ നാലാം പതിപ്പ് നാളെ ഓസ്ട്രേലിയയിലെ പെർത്തിൽ ആരംഭിക്കും. ഈ മാസം 26 ന് അവസാനിക്കുന്ന വാർഷിക അഭ്യാസത്തിൽ പങ്കെടുക്കാൻ 120 പേർ ഉൾപ്പെടുന്ന ഇന്ത്യൻ സൈനിക സംഘം ഓസ്ട്രേലിയയിൽ എത്തി. ഗൂർഖ റൈഫിൾസിന്റെ ഒരു ബറ്റാലിയനും മറ്റ് സേനാ വിഭാഗങ്ങളിൽ നിന്നുള്ള സൈനികരും ഉൾപ്പെട്ടതാണ് സംഘം. സൈനിക സഹകരണം വർദ്ധിപ്പിക്കുക, പരമ്പരാഗത യുദ്ധ മേഖലകളിൽ തന്ത്രങ്ങളും സാങ്കേതിക വിദ്യകളും കൈമാറുക എന്നിവയാണ് ഈ അഭ്യാസത്തിന്റെ ലക്ഷ്യമെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&

## ARMY-UNTCC CONCLAVE

ഐക്യരാഷ്ട്രസഭയുടെ സേനാ ദൗത്യങ്ങളിൽ പങ്കാളിയാകുന്ന രാജ്യങ്ങളുടെ സേനാമേധാവികളുടെ കോൺക്ലേവിന് ഇന്ത്യൻ

സൈന്യം ആതിഥേയത്വം വഹിക്കും. ഈ മാസം 14 മുതൽ ന്യൂഡൽഹിയിൽ നടക്കുന്ന മൂന്ന് ദിവസത്തെ പരിപാടിയിൽ 32 രാജ്യങ്ങളിൽ നിന്നുള്ള മുതിർന്ന സൈനിക ഉദ്യോഗസ്ഥർ പങ്കെടുക്കും. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്, വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, സമാധാന പ്രവർത്തനങ്ങളുടെ അണ്ടർ സെക്രട്ടറി ജനറൽ ജീൻ പിയറി ലാക്രോയിക്സ് എന്നിവർ പരിപാടിയെ അഭിസംബോധന ചെയ്യും. വസുധൈവ കുടുംബകം എന്ന ആശയത്തെ പ്രതിഫലിപ്പിക്കുന്നതാണ് കോൺക്ലേവ്.

&&&&&&&&&&&&&&

## AMOEBIC- VEENA GEORGE

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഇതുവരെ 23 പേർ മരിച്ചതായി മന്ത്രി വീണാ ജോർജ്ജ്. ഇതുവരെ 104 കേസുകളാണ് റിപ്പോർട്ട് ചെയ്യതെന്നും മന്ത്രി അറിയിച്ചു. കൊല്ലം, തിരുവനന്തപുരം, ജില്ലകളിലാണ് കൂടുതൽ രോഗബാധയെന്നും കോഴിക്കോടും മലപ്പുറത്തും കേസുകളുടെ എണ്ണം വർദ്ധിക്കുന്നതായും വീണാ ജോർജ്ജ് പറഞ്ഞു.

&&&&&&&&&&&&&&

## SABARIMALA- P S PRASANTH

കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചാണ് ശബരിമലയിലെ സ്വർണ്ണപ്പാളി കൊണ്ടുപോയതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത്.തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.ഇത്തവണ സ്വർണ്ണപ്പാളി കൊണ്ടുപോയതിന്റെ ഉത്തരവാദിത്തം ദേവസ്വം ബോർഡിനാണ്.1998 മുതൽ 2025 വരെയുള്ള ഏത് കാര്യവും ഉദ്യോഗസ്ഥർ അന്വേഷിക്കട്ടെയെന്നും, ശബരിമലയുമായി ബന്ധപ്പെട്ട ദുരൂഹതകളെല്ലാം അവസാനിപ്പിക്കണമെന്നാണ് ദേവസ്വം

ബോർഡിന്റെ നിലപാടെന്നും പി എസ് പ്രശാന്ത് പറഞ്ഞു. ഉണ്ണികൃഷ്ണൻ പോറ്റിക്ക് സ്വർണ്ണപ്പാളി കൊടുത്ത് വിടാമെന്ന് താൻ പറഞ്ഞിട്ടില്ലെന്നും സ്മാർട്ട് ക്രിയേഷൻസിന് നൽകിയ സ്വർണ്ണമടക്കം പിടിച്ചെടുക്കണം എന്നും ദേവസ്വം ബോർഡ് പ്രസിഡന്റ് കൂട്ടിച്ചേർത്തു.

**&&&&&&&&&&&&&&**

## POLIO VACCINATION

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് രാജ്യമെമ്പാടും ഇന്ന് പോളിയോ തുള്ളിമരുന്ന് വിതരണം നടന്നു. കേരളത്തിൽ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം പത്തനംതിട്ട കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ മന്ത്രി വീണാ ജോർജ് നിർവഹിച്ചു. കേരളത്തിൽ 5 വയസ്സിന് താഴെയുള്ള 21 ലക്ഷത്തിലധികം കുഞ്ഞുങ്ങൾക്കാണ് പോളിയോ തുളളിമരുന്ന് നൽകാൻ ലക്ഷ്യമിടുന്നത്. ഇന്ന് തുളളിമരുന്ന് നൽകാൻ കഴിയാത്ത കുഞ്ഞുങ്ങൾക്ക് നാളെയും, മറ്റന്നാളും സന്നദ്ധപ്രവർത്തകർ വീടുകളിൽ എത്തി തുള്ളിമരുന്ന് നൽകും.

**&&&&&&&&&&&&&&**

## WORLD ARTHRITIS DAY

ഇന്ന് ലോക ആർത്രൈറ്റിസ് ദിനം. വാതരോഗങ്ങളെ കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ ദിനത്തിന്റെ ലക്ഷ്യം. നിങ്ങളുടെ ലക്ഷ്യം കൈവരിക്കുക എന്നതാണ് ഈ വർഷത്തെ ദിനത്തിന്റെ പ്രമേയം.

**&&&&&&&&&&&&&&**

## IMD-WEATHER

കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഒഡീഷയിലും ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര

കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,കോട്ടയം , എറണാകുളം ,ഇടുക്കി, തൃശൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിനും വിലക്കുണ്ട്.

&&&&&&&&&&&&&&

## JR. MENS HOCKEY- SULTAN JOHOR CUP

മലേഷ്യയിൽ നടക്കുന്ന സുൽത്താൻ ജോഹർ കപ്പ് ജൂനിയർ പുരുഷ ഹോക്കി 2025 ൽ ന്യൂസിലൻഡിനെതിരെ ഇന്ത്യയ്ക്ക് ജയം. 4-2 എന്ന സ്കോറിനാണ് ഇന്ത്യ ന്യൂസിലൻഡിനെ പരാജയപ്പെടുത്തിയത്. ടൂർണമെന്റിലെ ഇന്ത്യയുടെ തുടർച്ചയായ രണ്ടാം വിജയമാണിത്. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ നിലവിലെ ചാമ്പ്യന്മാരായ ഗ്രേറ്റ് ബ്രിട്ടനെ 3-2 ന് പരാജയപ്പെടുത്തിയിരുന്നു. ചൊവ്വാഴ്ച നടക്കുന്ന മറ്റൊരുമത്സരത്തിൽ ഇന്ത്യ - പാകിസ്ഥാനെ നേരിടും.

&&&&&&&&&&&&&&

## EVE. WOMEN CRICKET

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ, ഇന്ന് വിശാഖപട്ടണത്ത് നടക്കുന്ന ഇന്ത്യ ഓസ്ട്രേലിയ മത്സരം പുരോഗമിക്കുന്നു. നേരത്തെ ടോസ് നേടിയ ഓസ്ട്രേലിയ ഇന്ത്യയെ ബാറ്റിങ്ങിനയച്ചു. ഓസ്ട്രേലിയൻ ടീമിൽ ജോർജിയ വെയർഹാമിന് പകരം ഇടംകൈയ്യൻ സ്പിന്നർ സോഫി മോളിന്യൂക്സിനെ ഉൾപ്പെടുത്തി. എന്നാൽ വ്യാഴാഴ്ച ദക്ഷിണാഫ്രിക്കയ്ക്കെതിരെ കളിച്ച അതേ ടീമിനെയാണ് ഇന്ത്യ നിലനിർത്തിയത്.

&&&&&&&&&&&&&&

## FINAL TEST CRICKET

ഇന്ത്യയും വെസ്റ്റ് ഇൻഡീസും തമ്മിൽ ന്യൂഡൽഹിയിൽ നടക്കുന്ന രണ്ടാം ടെസ്റ്റ് മത്സരത്തിന്റെ മൂന്നാം ദിവസം കളി നിർത്തുമ്പോൾ രണ്ടാം ഇന്നിംഗ്സിൽ വെസ്റ്റ് ഇൻഡീസ് രണ്ട് വിക്കറ്റിന് 173 റൺസ് എന്ന നിലയിൽ. വെസ്റ്റ് ഇൻഡീസ് നിലവിൽ ഇന്ത്യയുടെ ഇന്നിംഗ്സ് സ്കോറിനേക്കാൾ 97 റൺസ് പിന്നിലാണ്.

&&&&&&&&&&&&&&

## EU TRAVELLING POLICY

ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്നുള്ള യാത്രക്കാർ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ പ്രവേശിക്കുന്നതിന് പുതിയ സംവിധാനം നിലവിൽ വന്നു. ഈ രാജ്യങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ വിരലടയാളം, മുഖം, പാസ്പോർട്ട് എന്നിവ സ്കാൻ ചെയ്യണം. അയർലൻഡ് സൈപ്രസ് രാജ്യങ്ങൾക്ക് പുതിയ വ്യവസ്ഥ ബാധകമല്ല. സുരക്ഷ കർശനമാക്കുന്നതിൻറെ ഭാഗമായാണ് ഈതീരുമാനം.

&&&&&&&&&&&&&&

## SL-HOUSING CERTIFICATES

ശ്രീലങ്കയിലെ ഇന്ത്യൻ ഭവന പദ്ധതിയുടെ നാലാം ഘട്ടത്തിന്റെ ഭാഗമായി നിർമ്മിച്ച 2,000 വീടുകൾ ഇന്ത്യൻ വംശജരായ തമിഴ് സമൂഹത്തിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് കൈമാറി. ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകേയുടെ സാന്നിധ്യത്തിൽ നടന്ന പരിപാടിയിലാണ് വീടുകളുടെ അവകാശ രേഖകകൾ ഗുണഭോക്താക്കൾക്ക് കൈമാറിയത്. 2017 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രീലങ്കയിലെ അപ്കൺട്രി മേഖല സന്ദർശിച്ച വേളയിൽ പ്രഖ്യാപിച്ച ഇന്ത്യൻ ഭവന പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി തമിഴ് വംശജരായ തോട്ടം തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമാക്കി ഇന്ത്യയുടെ സഹായത്തോടെ 10,000 വീടുകൾ നിർമ്മിച്ചുനൽകും.

&&&&&&&&&&&&&&

## IUCN -WORLD HERITAGE

ലോകത്തിലെ പ്രകൃതിദത്ത പൈതൃക കേന്ദ്രങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഗുരുതര ഭീഷണി നേരിടുന്നതായി അന്താരാഷ്ട്ര പ്രകൃതി സംരക്ഷണ കേന്ദ്രത്തിന്റെ പുതിയ റിപ്പോർട്ട്. 43% പ്രകൃതിദത്ത കേന്ദ്രങ്ങളും കാലാവസ്ഥാ സംബന്ധമായ അപകടസാധ്യതകൾ നേരിടുന്നതായി റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. 2014 മുതൽ ഒരു ദശാബ്ദക്കാലത്തെ വിലയിരുത്തലുകളെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട് അബുദാബിയിൽ നടന്ന ഐ.യു.സി.എൻ കോൺഗ്രസിലാണ് പുറത്തിറക്കിയത്.

&&&&&&&&&&&&&&

&&&&&&&&&

&&&